ഗവൺമെന്റ് നിർദ്ദേശത്തിനു വിരുദ്ധമായി ഫീസ് ഈടാക്കിയ പ്രൊഫഷണൽ കോളേജുകൾ

120 [1530] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

" എ. കെ. ബാലൻ:

" എം. വി. ജയരാജൻ:

" മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ നിന്ന് ഈ വർഷം സർക്കാർ കോളേജുകളിലെ ഫീസ് മാത്രമേ ഈടാക്കാവൂ എന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഗവൺമെന്റ് നിർദ്ദേശത്തിനു വിരുദ്ധമായി രണ്ടാം വർഷ വിദ്യാർത്ഥികളിൽ നിന്നും കൂടുതൽ ഫീസ് ഈടാക്കിയ പ്രൊഫഷണൽ കോളേജുകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 29-6-2004-ലെ സർക്കാർ ഉത്തരവ് നം. (ആർടി.) 867/04/ഉ.വി.വ.-യുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

(ബി) രണ്ടാം വർഷ വിദ്യാർത്ഥികളിൽ നിന്നും കൂടുതൽ ഫീസ് ഈടാക്കിയ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റുകളോട് അധികമായി ഈടാക്കിയ തുക ഉടൻ തന്നെ മടക്കി നൽകാനുള്ള നിർദ്ദേശവും പ്രസ്തുത ഉത്തരവിൽ ഉണ്ട്.

നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ

121 [1531] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ട് എന്ന് അറിയിക്കാമോ;

(ബി) ഇവയിൽ ഗവൺമെന്റ് കോളേജുകൾ ഏതെല്ലാമെന്നും സ്വകാര്യ കോളേജുകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly